പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 258 — 21.06.2012- ൽ മറുപടിക്ക്

## നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. കെ. അജിത്<br>ശ്രീമതി. ഇ.എസ് ബിജിമോൾ | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ ഫോഴ്സിന്റെ പ്രവർത്തനലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (എ) | സംസ്ഥാനത്ത് പ്രത്യേകമായി നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് രൂപീകരിച്ചിട്ടില്ല. ദേശീയ ദുരന്ത നിവാരണ സേനയുടെ ഒരു യൂണിറ്റ് കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്തിന് പ്രത്യേകമായി ഒരു സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് (സംസ്ഥാന ദുരന്ത നിവാരണ സേന) രൂപീകരിക്കുന്നതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | മുല്ലപ്പെരിയാർ അണക്കെട്ട് മേഖലയിൽ ഭൂപ്രകൃതി അടിസ്ഥാനപ്പെടുത്തി സാറ്റലൈറ്റ് അധിഷ്ഠിതമായ പഠനം ആവശ്യമാണെന്ന് നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച ഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ ; | (ബി) | ഇല്ല. |
| (സി) | ഈ ഫോഴ്സിൽ പരിശീലനം നേടിയ എത്ര പേരുണ്ടെന്നും മെഡിക്കൽ ആന്റ് പാരാ മെഡിക്കൽ വിഭാഗത്തിലുള്ള അംഗങ്ങൾ എത്രയെന്നും, എത്ര സെർച്ച് ടീമുകളുണ്ടെന്നും വ്യക്തമാക്കുമോ ? | (സി) | എ യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |

സെക്ഷൻ ഓഫീസർ